Santhigiri

# ഉമ്മിണിതങ്കം

VOL 04 | ISSUE 31 | 2018 ജൂലൈ 22 | 1193 കർക്കിടകം 6

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

"ജാതി തിരിഞ്ഞുള്ള മൽപ്പിടുത്തം എവിടെയും കാണാം. ഇങ്ങനെ മൽപ്പിടുത്തം നടത്താനല്ലാതെ പെൺകുട്ടികളെ എങ്ങനെ വളർത്തണമെന്നു ചിന്തിക്കാൻ ആർക്കും അറിയില്ല."

# 'ഉണർവ്വ് 2018' ആഘോഷം നവ്യാനുഭവമായി



*സിദ്ധ മെഡിക്കൽ കോളേജിലെ 'കോളേജ് ഡെ' യുവനടൻ ധ്രുവൻ ഉദ്ഘാടനം ചെയ്യുന്നു*

**ഹെൽത്ത്കെയർ സോൺ** : ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിന്റെ കോളേജ് ദിനാഘോഷം 'ഉണർവ് 2018' ശ്രദ്ധേയമായി. വിദ്യാർത്ഥികൾക്ക് ആവേശമായി എത്തിയ യുവനടൻ ധ്രുവൻ പരിപാടി ഉദ്ഘാടനം ചെയ്തു. നിരന്തര പരിശ്രമമാണ് ഏതു കാര്യത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നതെന്ന് അദ്ദേഹം ഉദ്ഘാടനപ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. താൻ പ്രകൃതിയെ സ്നേഹിക്കുന്നുവെന്നും നമ്മുടെ ആഗ്രഹങ്ങൾക്ക് വേണ്ടി ആത്മാർത്ഥമായി യത്നിച്ചാൽ പ്രകൃതി നമുക്ക് വഴി കാട്ടുമെന്നും ധ്രുവൻ പറഞ്ഞു. പ്രസംഗത്തിനുശേഷവും ഏറെ നേരം വിദ്യാർത്ഥികളോട് സംവദിച്ച ധ്രുവൻ നർമ്മഭാഷണത്തിലൂടെയും മിമിക്രിയിലൂടേയും നൃത്തച്ചുവടുകളിലൂടെയും സദസിനെ കയ്യിലെടുത്തു. 'താങ്കളുടെ ജീവിതത്തെക്കുറിച്ച് രണ്ടുവാക്കു പറയാമോ?' എന്ന ഒരു അധ്യാപികയുടെ ചോദ്യത്തിന് ഗുരുരത്നം സ്വാമി അവതരിപ്പിച്ച തന്റെ പ്രമോ വീഡിയോ കണ്ടാൽ മതിയെന്ന മറുപടി സദസ്സിന്റെ ഹർഷാരവം ഏറ്റുവാങ്ങി. ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഡോ. എ. വാസുകീദേവി അധ്യക്ഷയായി. കൺസെപ്റ്റ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ എ. ഫിറോസ് ഖാൻ മുഖ്യപ്രഭാഷണം നടത്തി. സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വി, സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി എന്നിവർ മഹനീയസാന്നിധ്യമായി. ആർട്സ്-സ്പോർട്സ് മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനം സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി നിർവഹിച്ചു. പി.ടി.എ പ്രസിഡന്റ് വിജയൻ നായർ വി, ഡോ. ജി. മോഹനാംബിഗൈ, ഡോ. ജെ. നിനപ്രിയ, ഡോ.കെ.വി.കൃഷ്ണവേണി, കെ. ബിനോദ്, മഹേഷ്. എം എന്നിവർ പ്രസംഗിച്ചു. പതിമൂന്നാം ബാച്ചിലെ വിദ്യാർത്ഥികളായ തിലോത്തമ റ്റി.എം സ്വാഗതവും അഖിൽ സുഭാഷ് കൃതജ്ഞതയും പറഞ്ഞു. കേരളത്തിലെ എൻ.എസ്.എസ് യൂണിറ്റ് സംസ്ഥാനത്തുടനീളം ക്യാംപസുകളിൽ സംഘടിപ്പിക്കുന്ന പ്ലാവിൻതൈ നടീൽ പരിപാടിയുടെ ഭാഗമായി സിദ്ധ കോളേജ് ക്യാംപസിൽ പ്ലാവിൻതൈ നടീലിന്റെ ഉദ്ഘാടനവും നടൻ ധ്രുവൻ നിർവഹിച്ചു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഡോ. കെ. നമശിവായം നേതൃത്വം നൽകി. വിദ്യാർത്ഥികളുടെ കലാവിരുന്നിനു പുറമെ അധ്യാപകരും മറ്റു സ്റ്റാഫംഗങ്ങളും അവതരിപ്പിച്ച കലാപരിപാടികളും കോളേജ് ഡേയ്ക്ക് നിറം പകർന്നു. കോളേജ് ക്യാന്റീനിൽ സ്നേഹവിരുന്നും നടന്നു.

## മനസിനെ തൊട്ടുണർത്തി പ്രമോ വീഡിയോ

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിന്റെ കോളേജ് ദിനാഘോഷം 'ഉണർവ് 2018' നു മിഴിവേകി പ്രമോ വീഡിയോയും. ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ആയിരുന്നു അവതാരകൻ. പത്തു മിനിട്ടോളം ദൈർഘ്യമുള്ള വീഡിയോയിൽ 'ഉണർവിന്റെ' ആവേശത്തിൽ അലിയുന്ന വിദ്യാർത്ഥികളും ക്യാംപസും മനോഹരമായി ചിത്രീകരിച്ചു. ആർപ്പുവിളികളോടെയും ഹർഷാരവങ്ങളോടെയും വിദ്യാർത്ഥികൾ സ്വീകരിച്ച വീഡിയോ അവസാനിച്ചത് ആത്മനിർവൃതിയുടെ ധന്യതയിലാണ്. 'ഉണർവ് 2018' നു ആശംസകളർപ്പിച്ച് വീഡിയോ അവസാനിക്കുന്നതിനു തൊട്ടുമുൻപ് 'മറക്കില്ലൊരിക്കലും, നിങ്ങളെ ഞങ്ങൾ' എന്ന സ്വാമിയുടെ വാക്കുകൾ ഈറനണിയിക്കാത്ത കണ്ണുകൾ ഉണ്ടായിരുന്നില്ല.



# ഗുരുവാണി

ഇത് രഹസ്യത്തിന്റെ രഹസ്യമാണ്. അതായത് ദൈവനിശ്ചയം. ആ ദൈവനിശ്ചയത്തെ നിങ്ങൾ എത്രത്തോളം വിശ്വസിച്ചു, പ്രയോഗിച്ചു. നിങ്ങൾ ഓരോരുത്തരും നിങ്ങളുടെ ബുദ്ധി പ്രയോഗിച്ചു. അതുമുതൽ നിങ്ങൾ ചീത്തയായി. പക്ഷേ നിങ്ങൾ അറിവില്ലാത്തവരായതുകൊണ്ട് ദൈവം അത് സഹിച്ചു. അത് മനസ്സിലാക്കാതെ ഇനിയും നിങ്ങളിതു കൈകാര്യം ചെയ്താൽ എനിക്കൊന്നും ചെയ്യാൻ കഴിയുകയില്ല. ഇവിടെ വരുന്നവർക്കും പോകുന്നവർക്കും നിൽക്കുന്നവർക്കും എല്ലാംവേണ്ടി ദൈവം പറഞ്ഞുതന്ന് നടത്തിക്കുന്ന ഈ മാർഗം ദൈവം തെളിച്ചുതന്നതാണ്. ഇതാണ് നിങ്ങൾ മനസ്സിലാക്കേണ്ടത്. ദൈവം പറഞ്ഞുതരുന്നപ്രകാരം ഏഴു തലമുറ കൊണ്ടുപോകണം എന്നാണ്. അങ്ങനെ കൊണ്ടുപോയാൽ ഏഴു മന്വന്തരത്തിന്റെ കർമമാണ് ഈ പരമ്പരയിൽ വന്നുചേരുന്നത്. ദൈവം പറഞ്ഞുതരുന്ന പ്രകാരം കൊണ്ടുപോകാൻ സത്യത്തിൽ നിങ്ങൾക്കറിയാമോ? ഒരിക്കലുമില്ല. എന്നാൽ നമ്മൾ യാതൊന്നും അറിയേണ്ടതില്ല. വിശ്വസിച്ചങ്ങ് പോയാൽ മാത്രം മതി. വേറെ യാതൊന്നും നിങ്ങൾ ചിന്തിക്കേണ്ട. ഒരുപക്ഷേ, ചിന്തിച്ചാൽ നിങ്ങൾ വീണുപോകും.

യേശുവിനെപ്പോലെയും നബിയെപ്പോലെയും അതുപോലെ ഇന്നോളം വന്ന അനേകായിരം ഗുരുക്കന്മാരെപ്പോലെയുള്ള മഹാന്മാരുടെ സൂക്ഷ്മരൂപം ഇത് സൂക്ഷിക്കണം എന്ന് നിങ്ങളുടെ മുമ്പിൽ വന്നുനിന്ന് പറഞ്ഞുതരികയാണ്. അവരുടെ ആഗ്രഹം ചെയ്യിപ്പിക്കുന്നതിന് ആ പരമ്പരയുമായി ബന്ധമുള്ള ആളുകളെ എങ്ങനെയെങ്കിലും ഇവിടെ കൊണ്ടുവരും. അവർ എടുക്കുന്നോ ഇല്ലയോ എന്നുള്ളത് വേറെ വിഷയം. പക്ഷേ നിങ്ങൾ എടുക്കുന്നില്ല. എടുക്കാൻ കഴിയാതെ എത്രയോ ആയിരങ്ങൾ പോയിട്ടുണ്ട്. കാരണം നിങ്ങളുടെ ഓരോരുത്തരുടെയും ജനനംകൊണ്ടു വന്നുപോയ അനേക ജന്മാന്തരങ്ങളുടെ വാതിൽ തുറന്നു പോകാൻ അനവധി ബുദ്ധിമുട്ടുകൾ ഉണ്ട്. ഈ ആശയം അവകാശപ്പെടുത്തി നിറുത്തിയിരിക്കുന്ന ജീവനാണ് നിങ്ങളുടെ ഓരോരുത്തരുടെയും എന്ന്, നിങ്ങൾക്ക് പറഞ്ഞുതന്നിട്ടും കാണിച്ചുതന്നിട്ടും നിങ്ങൾക്ക് മനസ്സിലാകുന്നില്ല.

ഇതിന്റെ ആഴത്തിലുള്ള അറിവ് നിങ്ങൾ എല്ലാപേരും മനസ്സിലാക്കണമെന്നില്ല. പക്ഷേ ഇത് സത്യമാണെന്ന് മനസ്സിലാക്കണം. ഇത് എങ്ങനെയും പൂർത്തിയാക്കേണ്ടതാണെന്ന് ബോധ്യപ്പെടുമ്പോൾ അതിൽ നിങ്ങളുടെതായ ബുദ്ധി കടത്തരുത്. 'ദൈവനിശ്ചയം ദൈവത്തിനുതന്നെ ചെയ്തുകൂടേ, അതിൽ മറ്റുള്ളവർക്ക് കാര്യമെന്ത്" എന്ന് ചിന്തിക്കാം. ദൈവം നിയമം തെറ്റിക്കുകയില്ല. ദൈവം നിയമം തെറ്റിക്കുകയില്ല എന്ന് പൂർണമായി ബോദ്ധ്യപ്പെടുത്തിക്കൊടുത്ത പിള്ളേർപോലും തെറ്റിപ്പോയിരിക്കുന്നു. ഇവരെയെല്ലാം എന്റെ സമകാലീനരായ നിങ്ങൾക്ക് പരിചയമുള്ളതാണ്. പക്ഷേ അവർ എന്തുകൊണ്ടു തെറ്റിപ്പോയി എന്ന് നിങ്ങൾ ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഒരുപക്ഷേ ചിന്തിച്ചാൽ ബോദ്ധ്യം വരുമോ?

അതാണ് ഞാൻ പറഞ്ഞത് ഇത് ഏറ്റവും വിഷമംപിടിച്ച വിഷയമാണ്. ഇതിൽ നിങ്ങളാരും നിങ്ങളുടെ ഒരു ബുദ്ധിയും കടത്തരുത്. അങ്ങനെ ബുദ്ധി കടത്തിയവരുടെ ഉള്ളിലാണ് ആ ധന്യത വിളയാതെ പോയത്. ഇവിടെ എനിക്കൊന്നും ചെയ്യാൻ കഴിയില്ല. എന്നെ ഒരു നിമിത്തം മാത്രമായി നിറുത്തി കാണിച്ചുതരികയാണ്. ഇത് മനസ്സിലാക്കാതെ ഇതിനകത്തുനിന്ന് എന്തെങ്കിലും പെരുമാറിപ്പോയാൽ പതുക്കെ പതുക്കെ അവരുടെ ബുദ്ധിയെ തിരിക്കും. പിന്നീട് വീടിനെ തിരിക്കും. അവസാനം നാടിനെ തിരിക്കുന്ന സ്വഭാവത്തിലെത്തിച്ചേരും. ഇത് തികച്ചും നിങ്ങൾ മനസ്സിലാക്കിക്കൊണ്ട് കൈകാര്യം ചെയ്യുക.

തെറ്റുകളുടെ കൂമ്പാരം ചുമന്നുവന്ന ജീവാത്മാക്കളാണ് നാം. നമുക്ക് ഒന്ന് കണ്ടാൽ പെട്ടെന്നങ്ങു മനസ്സിലാക്കാനും തിരുത്താനും കഴിയില്ല. ഇവിടെ വിശ്വസിക്കുകയും ഗുരുപൂജ ചെയ്യുകയും അനുസരിക്കുകയും ചെയ്തുപോകുന്നവർ ഈ ആശയത്തിന്റെ നൂറിൽ ഒരംശമെങ്കിലും മനസ്സിലാക്കിയിട്ടുണ്ട് എന്ന് എനിക്ക് പറയാൻ കഴിയില്ല. ഇതിനുവേണ്ടി എന്നുപറഞ്ഞ് ജീവിക്കുന്നവരുടെ കാര്യമാണ് ഞാൻ പറയുന്നത്. മറ്റുള്ളവരുടെ കാര്യം പറയാനില്ല.

## വചനദീപ്തി

**"ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല."**

**ബൈബിൽ**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

2018 ജൂലൈ 28 ജ്യോതിപുരം, കാഞ്ഞാംപാറ, സ്നേഹപുരം

## യാമപ്രാർത്ഥന

2018 ജൂലൈ 26 വ്യാഴം

## പൗർണ്ണമി

2018 ജൂലൈ 27 വെള്ളി

പ്രകാശപഥം

# ആശ്രമോദ്ദേശ്യത്തെ നമ്മുടെ ജീവിതത്തോടു ചേർത്തുവച്ച് ചിന്തിക്കുമ്പോൾ

ആശ്രമോദ്ദേശ്യത്തെ നാം നമ്മുടെ ജീവിതത്തിനോട് ചേർത്തുവച്ച് ചിന്തിക്കുമ്പോൾ സ്നേഹത്തിനുപരിയായി നമുക്കൊന്നുമില്ല. എല്ലാവരും ഇവിടെ ഒത്തുകൂടിയിരിക്കുന്നത് ഒരു സ്നേഹത്തിന്റെ കനിവിലാണെന്നും, ആ സ്നേഹം ഇന്നതുപോലെ പ്രവർത്തിക്കാനാണെന്നുമുള്ള നിശ്ചയദാർഢ്യവും കർത്തവ്യബോധവും വൈരാഗ്യവും നമ്മുടെ മനസിൽ തോന്നും. ഈ തോന്നുന്നത് ഗുരുപൂജയിൽ ഒതുങ്ങിനിന്നിട്ട് കാലാനുസൃതമായ ധർമ്മത്തിൽക്കൂടി പോയി ആ ധർമം തന്റെ ഗുരുവിൽക്കൂടി നടപ്പിലാക്കാൻ ഗുരു ദൈവമായും ബ്രഹ്മമായും അല്ലെങ്കിൽ പരബ്രഹ്മസന്നിധാനം വരെ എത്തിനിന്നു പ്രവർത്തിക്കുന്ന ഒരു കനിവിന്റെ സ്വരൂപമായി നാം ജീവിതത്തിലേക്ക് പകർത്തുകയാണ്. ഈ പകർത്തുന്ന ഭാഗം സകലവിധ സന്നിധാനങ്ങളും കടന്നുവന്ന ആ ബ്രഹ്മനിശ്ചയത്തിന്റെ നിയോഗമാണ്. നമ്മുടെ അനുഭവപരമ്പരയിൽക്കൂടി അല്ലെങ്കിൽ അനുഭവസ്ഥരായ ആളുകളിൽക്കൂടി ഗൃഹസ്ഥനെന്നോ മറ്റാരെന്നോ ഇല്ലാത്ത ഭാഗത്ത് ഒരു വ്യക്തിയിൽക്കൂടി അല്ലെങ്കിൽ കുട്ടികളിൽക്കൂടി എങ്ങനെ ഇത് പകർത്തിയെടുക്കും എന്നുള്ളതാണ്.

സ്നേഹം എന്നു പറയുന്ന ഭാഗത്ത് അതിന് മറ്റൊരു സ്വഭാവവും കാണിക്കാൻ പറ്റില്ല. അതാണ് ലഘുത്വത്തിൽ നിന്ന്, ആ ലഘുത്വം ഒരു മെഴുകുതിരി ഉരുകിയുരുകിത്തീരുന്നതുപോലെ, അനേകായിരവും ലക്ഷവും കോടിക്കണക്കിനും മെഴുകുതിരികൾ ഉരുകിത്തീരുന്നതുപോലെ ഈ മനുഷ്യഹൃദയത്തിന്റെയുള്ളിൽ തന്റെ ഈ മാലിന്യമാകുന്ന നീചത്വം ഉരുകിയുരുകി എവിടെ വീഴിക്കുന്നു, തിരിച്ച് കത്തിനിൽക്കുന്ന ദീപം എവിടേക്കു പോവുന്നു എന്ന് നാം അറിയണം. അത് ജീവിതത്തിന്റെ പോക്കാണ്.

അങ്ങനെ നാം ചിന്തിച്ചുനോക്കുമ്പോൾ നമ്മുടെ ഈ ജീവൻ ശരീരം വിട്ടുപോവുമ്പോൾ ആത്മാവ് നിന്നു പ്രവർത്തിക്കുന്ന അരൂപസ്വരൂപങ്ങളോടുകൂടിയ ഭാഗത്ത് നിശ്ചയമായും നമുക്ക് കർത്തവ്യബോധവും നിശ്ചയദാർഢ്യവും അതിലുപരി ഗുരു ആരാണെന്നു വരുത്തിത്തീർക്കാനുള്ള കടപ്പാടും ഉണ്ട്. അതാണ് ബ്രഹ്മനിശ്ചയം എന്നു പറയുന്ന ഭാഗം.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ**
അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# മഹാബലിയും വാമനനും

പ്രജാവത്സലനും ധർമിഷ്ഠനും നീതിമാനുമായ മഹാബലി എന്ന രാജാവിനെ മഹാവിഷ്ണു എന്ന ദേവൻ വാമനനായി വന്ന് പാതാളലോകത്തിലേക്ക് ചവിട്ടിത്തള്ളിയതായി കഥ പറയുന്നു. നമ്മൾ ജീവിക്കുന്ന ലോകം ഭൂലോകം, അതിലും മെച്ചപ്പെട്ട സുഖലോകം സ്വർഗലോകം, ഭൂലോകത്തിലും മോശപ്പെട്ടത് പാതാളലോകം. ഇതാണ് നമ്മുടെ അറിവ്.

കള്ളവും ചതിയുമില്ലാത്ത സമത്വസുന്ദരമായ ഒരു വ്യവസ്ഥിതി തന്റെ രാജ്യത്ത് നിലനിർത്താൻ കഴിഞ്ഞ മഹാബലി എന്ന രാജാവിനു നേരെ മഹാവിഷ്ണുവിന് വിരോധം വരാൻ എന്താണ് കാരണം? അദേഹം സ്വർഗലോകം കീഴടക്കി എന്നാണ് ന്യായം പറയുന്നത്. അതായത് ദേവന്മാരുടെ ലോകം കീഴടക്കി. ദേവന്മാർക്ക് അപമാനം വരുത്തി. ഇതു കണ്ട് സഹിക്കാതെ മഹാവിഷ്ണു ചതിയിലൂടെ മഹാബലിയെ സ്ഥാനഭ്രഷ്ടനാക്കുക മാത്രമല്ല പാതാളലോകം എന്ന അധോലോകത്തിലേക്ക് തള്ളുകയും ചെയ്തു.

എന്താണ് കഥയിലെ കാര്യം? മഹാബലി ധർമം വിട്ട് പ്രവർത്തിച്ചതായോ അക്രമമാർഗം സ്വീകരിച്ച് എന്തെങ്കിലും കാര്യസാധ്യമുണ്ടാക്കിയതായോ എങ്ങും പറയുന്നില്ല. അപ്പോൾ സ്വർഗലോകം കീഴടക്കി എന്നു പറയുന്നതിന്റെ പൊരുളെന്ത്? തന്റെ സത്കർമങ്ങൾ കൊണ്ട് മഹാബലി എന്ന നല്ലവനായ രാജാവ് ആത്മലാഭം നേടി. മഹാബലിയുടെ ജീവന്റെ അവസ്ഥ ദേവാവസ്ഥയെക്കാൾ ഉയരുമെന്ന നില വന്നു. ഇങ്ങനെ സംഭവിച്ചാൽ ദേവന്മാർ മഹാബലിയെ വണങ്ങണം. ഇത് ദേവന്മാർക്ക് ഒരിക്കലും സഹിക്കാവുന്ന കാര്യമല്ല. കർമഭ്രംശം വരുത്തി മഹാബലിയുടെ ജീവന്റെ വളർച്ച തടയണം. ഇത് ദേവന്മാരുടെ മൗലികസ്വഭാവമാണെന്ന് പുരാണം അറിഞ്ഞിട്ടുള്ള ആർക്കും ബോധ്യമുള്ളതാണല്ലോ.

ധർമിഷ്ഠനും ദാനപ്രഭുവുമായ മഹാബലി രാജാവിനെ വീഴ്ത്താൻ ഉപായം കണ്ട മഹാവിഷ്ണുവെന്ന ദേവൻ വാമനവേഷം പൂണ്ടു, ഭിക്ഷാംദേഹിയായി ചമഞ്ഞ് ഇരിക്കാൻ മൂന്നടി സ്ഥലം ചോദിച്ചു. മഹാബലി കൊടുക്കാമെന്നു സമ്മതിച്ചു. വാമനൻ വളർന്ന് ഭീമാകാരനായി. ത്രിവിക്രമൻ രണ്ടു ചുവടുകൊണ്ട് ഭൂമിയും ആകാശവും അളന്നുതീർത്തു. മൂന്നാമത്തെ ചുവടിന് സ്ഥലമില്ലാത്തതിനാൽ മഹാബലി തന്റെ ശിരസ് കാണിച്ചുകൊടുത്തു എന്നും വാമനമൂർത്തി ശിരസിൽ ചവിട്ടി പാതാളലോകത്തേക്ക് അദ്ദേഹത്തെ തള്ളിയെന്നും പറയുന്നു. ഇവിടെ ആരും അധികം ശ്രദ്ധിക്കാത്ത ഒരു സംഭവമുണ്ട്. അതാണ് നമ്മൾ അറിയേണ്ടത്.

വാമനനെന്ന തന്ത്രശാലി മഹാബലിയുടെ അരികിൽ വരുന്നതിനു മുമ്പുതന്നെ മഹാബലിയുടെ ഗുരു ശുക്രാചാര്യർ വരാൻപോകുന്ന അപകടത്തെപ്പറ്റി ശിഷ്യനു മുന്നറിയിപ്പ് നല്കി. ഈ വരുന്ന വേഷം ചതിവേഷമാണെന്നുംസൂക്ഷിക്കണമെന്നും ഒന്നും കൊടുക്കാമെന്ന് വാഗ്ദാനം ചെയ്യരുതെന്നുമുള്ള ഗുരുവിന്റെ ആജ്ഞ അനുസരിക്കാൻ മഹാബലിയിലെ സാത്വികാഹന്ത അനുവദിച്ചില്ല. തന്റെ മുന്നിൽ വരുന്ന ആരും വെറുംകൈയോടെ മടങ്ങിയിട്ടില്ല. ഗുരുവാക്കിനെ ധിക്കരിച്ചായാലും അത് അങ്ങനെതന്നെ നടത്തും എന്ന് മഹാബലി തീർത്തുപറഞ്ഞപ്പോൾ നിസഹായനായി നോക്കി നില്ക്കാനേ ശുക്രാചാര്യർക്കു കഴിഞ്ഞുള്ളൂ. ശിഷ്യനെ രക്ഷിക്കാൻ അദ്ദേഹം മറ്റൊരു ശ്രമംകൂടി നടത്തി. ദാനം പൂർത്തിയാകാതിരിക്കാൻ കിണ്ടിയുടെ നാളത്തിൽ വണ്ടായി അടഞ്ഞിരുന്നു. എന്നാൽ ദർഭയെടുത്ത് നാളത്തിൽ കുത്തുകമൂലം ശുക്രാചാര്യർക്ക് ഒരു കണ്ണു നഷ്ടപ്പെട്ടുവെന്ന് കഥ.

സ്വന്തം നിലനില്പിനെപ്പോലും തൃണവത്ഗണിച്ചുകൊണ്ട് ശിഷ്യനെ രക്ഷിക്കാൻ തീവ്രശ്രമം നടത്തുന്ന ഗുരു ഒരു ഭാഗത്ത്, ഒരു മനുഷ്യന്റെ ജീവന്റെ പുരോഗതിയെ തടസം ചെയ്യാനും അയാളിലുള്ള നന്മയെ ചൂഷണം ചെയ്ത് അപകടപ്പെടുത്താനും ശ്രമിക്കുന്ന ദേവൻ മറുഭാഗത്ത്. ഇതാണ് യഥാർത്ഥ ഗുരുവും ദേവനും തമ്മിലുള്ള വ്യത്യാസം.

# ധന്യാനുഭവങ്ങളുടെ അമൃതസ്മരണകൾ

**എൻ അരവിന്ദൻ, കരുവാറ്റ**

1970 മാർച്ച് അവസാനം. അന്ന് ഞാൻ ഹരിപ്പാട് കെ.പി.വൈദ്യരുടെ വീടിനടുത്ത് ഒരു വീട് പണിയിച്ചുകൊണ്ടിരുന്ന സന്ദർഭമായിരുന്നു. ഒരു ദിവസം വൈദ്യരുടെ വീട്ടിൽ ചെന്നപ്പോൾ ആരോ രണ്ടു മൂന്നുപേർ ആ വീട്ടിൽ വന്നതും അവരെ സ്നേഹാദരവോടെ അവിടെയുള്ളവർ സ്വീകരിക്കുന്നതും കണ്ടു. അവരുടെ സ്നേഹാദരവ് വന്നവരുടെ മുൻപിൽ ഞാനും പ്രകടിപ്പിച്ചു. ഇവർ ആരൊക്കെയാണെന്നോ വന്നിരിക്കുന്നത് എന്തിനാണെന്നോ ഞാൻ അന്വേഷിച്ചില്ല. അല്പസമയം കഴിഞ്ഞ് വൈദ്യരുടെ ഭാര്യയാണ് എന്നോട് പറഞ്ഞത്; വന്നിരിക്കുന്നത് ശാന്തിഗിരിയിലെ സ്വാമിയാണ്! അങ്ങനെയാണ് ഞാൻ ആദ്യമായി ഗുരുവിനെ കണ്ടത്. ഗുരു എന്നോട് കുശലപ്രശ്നം നടത്തി. അന്ന് ഞാൻ അമ്പലപ്പുഴ വില്ലേജ് ഓഫീസറായി ജോലി നോക്കുകയായിരുന്നു.

ആയിടയ്ക്ക് കെ. പി. വൈദ്യരുടെ വൈദ്യശാലയിൽ മാനേജരായി ജോലി ചെയ്തിരുന്ന ശ്രീധരൻ എന്നയാൾ ശാന്തിഗിരിയെക്കുറിച്ചും ഗുരുവിനെക്കുറിച്ചും സംസാരിച്ച കൂട്ടത്തിൽ ‘ഗുരുപൂജ’ എന്നൊരു വിഷയത്തെ പരാമർശിച്ചു. ഇത് എന്താണെന്ന് കൂടുതലറിയാനുള്ള ആകാംക്ഷ എനിക്കുണ്ടായി. അപേക്ഷിച്ചാൽ നമുക്കും ഗുരു ഇത് ചെയ്തുതരുമെന്ന ശ്രീധരന്റെ അഭിപ്രായം കൂടിയായപ്പോൾ എന്റെ വീട്ടിലും ഈ കർമ്മം ചെയ്യണമെന്ന ഒരാഗ്രഹം ഉദിച്ചു. ശ്രീധരൻ മുഖേന ആഗ്രഹം ഗുരുവിലെത്തിച്ചു. ഗുരു അനുവദിക്കുകയും ചെയ്തു. നിശ്ചയിക്കപ്പെട്ട ദിവസം ഏതാനും പേരോടൊപ്പം ഗുരു വീട്ടിലെത്തി. ഗുരു നിർദ്ദേശിച്ചപ്രകാരം ഞങ്ങൾ പ്രാർത്ഥിച്ചു. ഇതിനായി ഒരു നിലവിളക്കുപോലും പ്രത്യേകം തെളിച്ചില്ല. എന്നെയും ഭാര്യയെയും പ്രത്യേകം വിളിച്ചിട്ട് ഗുരു പറഞ്ഞു: “നിങ്ങൾ അവിടെ മാറിയിരിക്ക്. ഇരുന്നാൽ എന്തെങ്കിലും കാണുന്നെങ്കിൽ എന്നോട് വന്നു പറയണം”. ഞാൻ ഇരുന്ന് പ്രാർത്ഥിച്ച് ഒരഞ്ചു മിനിട്ട് കഴിഞ്ഞപ്പോൾ കാണുന്നത്, പൊക്കിളിന്റെ അറ്റം വരെയെത്തുന്ന താടിയോടും ജഡയോടും കൂടിയ ഒരു സന്ന്യാസി വീടിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്ത് വന്നുനിൽക്കുന്നതായിട്ടാണ്. പഴയ സന്ന്യാസിമാരുടെ വേഷം. ഇതിങ്ങനെ വളരെ തെളിമയോടെ ഞാൻ കണ്ടു. പ്രാർത്ഥനയ്ക്കുശേഷം ഞാൻ ഇക്കാര്യം ഗുരുവിനോട് പറഞ്ഞു. അപ്പോൾ ഗുരു ചോദിച്ചു “ഇങ്ങനെ ഒരു സന്ന്യാസിയെക്കുറിച്ച് അറിയാമോ?”

“ഇല്ല” ഞാൻ പറഞ്ഞു. എനിക്കങ്ങനെ ഒരു സന്ന്യാസിയെക്കുറിച്ച് യാതൊരറിവുമില്ലായിരുന്നു. അന്ന് വീട്ടിലുണ്ടായിരുന്ന എന്റെ അമ്മയെ വിളിച്ചും ഇങ്ങനെ ഒരു സന്ന്യാസിയെക്കുറിച്ച് അറിയാമോയെന്ന് ഗുരു ആരാഞ്ഞു. അമ്മയ്ക്കും ആദ്യമൊന്നും ഓർമ്മ വന്നില്ല. പിന്നെ പറഞ്ഞു; ഉവ്വ് ഓർമ്മയുണ്ട്. ഇങ്ങനെ ഒരു സന്ന്യാസി വർഷങ്ങൾക്കുമുൻപ് വീട്ടിൽ വന്നിരുന്നു. എന്റെ ഭർത്താവിനോടൊന്നിച്ചാണ് വന്നത്. കുറച്ച് ദിവസങ്ങൾ അദ്ദേഹത്തിന്റെ വീട്ടിൽ ആ സന്ന്യാസി താമസിച്ചിരുന്നു. അന്ന് അദ്ദേഹത്തിന്റെ എല്ലാകാര്യങ്ങളും നോക്കി ചെയ്തിരുന്നത് എന്റെ അച്ഛനായിരുന്നു. അദ്ദേഹത്തിന് ആഹാരം വെച്ചുകൊടുക്കുക, വസ്ത്രങ്ങൾ കഴുകി ഉണക്കികൊടുക്കുക, കിടക്കുന്ന പായ അന്നന്ന് കഴുകി ഉണക്കി കൊടുക്കുക, ഇരിക്കുന്ന പീഠം കഴുകി വൃത്തിയാക്കി കൊടുക്കുക. ഇതൊക്കെ അച്ഛൻ ചെയ്തിരുന്നു. “ആ ചെയ്തതിന്റെ ഒരു പുണ്യമാണ് നിങ്ങൾക്കുള്ളത്. വേറെയൊന്നുമില്ല”. ഗുരു പറഞ്ഞു.

“നിങ്ങളുടെ കുടുംബക്ഷേത്രത്തിലെ ആരാധനാക്രമം ഒന്നും നിങ്ങൾക്ക് നല്ല രീതിയിൽ കാണുന്നില്ല. അതിൽ നിന്നും ഒന്നും യാതൊരു നന്മയും ഇല്ല. ആ ഒരു പുണ്യത്തിന്റെ ഭാഗമായിട്ടാണ് ഞാനും നിങ്ങളുടെ അടുത്ത് വരാൻ ഇടവരുത്തിയത് എന്നാണ് എനിക്കും ഇപ്പോൾ തോന്നുന്നത്. ആ ഒരു പുണ്യാംശം, അത്രയും വലിപ്പമുള്ളതാണ്”.

പിന്നെ ഗുരു കൂടെ വന്ന കുട്ടിയോടായി ചോദിച്ചു: “അതിനെ കണ്ടോ?” “കണ്ടു” കുട്ടി പറഞ്ഞു. “അതിനെന്തു വേണമെന്നു ചോദിച്ചോ?” ഗുരു എടുത്ത് ചോദിച്ചു. “ഇല്ല” കുട്ടി പറഞ്ഞു. “എങ്കിൽ അത് ചോദിക്ക്.” ഇങ്ങനെ ചോദിച്ചപ്പോൾ, ‘ഇപ്പോൾ ഒന്നും ആവശ്യമില്ല, കുറച്ചുകൂടി ഇങ്ങനെ നിൽക്കണം’ എന്നാണ് താൽപ്പര്യം എന്ന് അറിയാൻ കഴിഞ്ഞു. “എന്നാൽ അങ്ങനെ നിൽക്കട്ടെ” എന്ന് ഗുരു പറഞ്ഞു എന്നാണ് ഓർമ്മ. അധികംതാമസിയാതെ ഗുരു അവിടെ നിന്ന് മടങ്ങുകയും ചെയ്തു. ഇതെന്നെ വല്ലാതെ അതിശയിപ്പിച്ച സംഗതിയാണ്. ഗുരുവിനും ഗുരുവിന്റെ ശിഷ്യനും മാത്രം ചെയ്യാൻ കഴിയുന്ന ഇക്കാര്യം ലോകത്ത് ആദ്യം നടക്കുന്ന ഒരു സംഭവമാണ്. ചരിത്രത്തിലോ സമകാലിക സംഭവവികാസങ്ങളിലോ സമാനതകളില്ലാത്ത ഈ കർമ്മം തന്നെയാണ് ശാന്തിഗിരിയിലെ ഏറ്റവും വലിയ പ്രത്യേകത.

പിന്നീട് ഗുരു എന്റെ വീട്ടിൽ എത്രയോ വട്ടം വന്നിരിക്കുന്നു. എന്റെ ഭാര്യയുടെ ഓപ്പറേഷൻ ഘട്ടങ്ങളിലൊക്കെ ഗുരു വീട്ടിൽ വന്ന് സാന്ത്വനം ചൊരിയുമായിരുന്നു.

അവസാനമായി ഗുരു എന്റെ വീട്ടിൽ വന്ന സന്ദർഭം എനിക്കൊരിക്കലും മറക്കാനാവില്ല. അന്നു രാവിലെ മുതൽ ഗുരുവിന്റെ അമ്മയ്ക്ക് രോഗം കലശലാണെന്നും അമ്മ മരണാസന്നയാണെന്നും അറിഞ്ഞിരുന്നു. ഏതൊരു കാര്യത്തിലുമെന്ന പോലെ അമ്മയുടെ ജീവന്റെ നിജസ്ഥിതിയറിയാൻ ഗുരു, അമൃത ജനനിയെ (ശിഷ്യപൂജിത) ക്കൊണ്ട് പല ദിവസങ്ങളായി നോക്കിച്ചുകൊണ്ടിരിക്കുകയായിരുന്നു. അമ്മയുടെ ജീവൻ ശരീരം വിടേണ്ട സമയം സമാഗതമാകുന്നതായി ജനനി ഗുരുവിനെ അറിയിച്ചു. ഗുരു ജനനിയോടും മറ്റു ഏതാനും പേരോടുമൊത്ത് ചന്തിരൂരിലേയ്ക്ക് യാത്ര തിരിച്ചു. വൈകുന്നേരം അഞ്ചര മണിയോടെ ഗുരു അവിടെയെത്തി അമ്മയ്ക്കുവേണ്ടുന്ന എല്ലാ കാര്യങ്ങളും ചെയ്തതിനുശേഷം പെട്ടെന്നു തന്നെ മടങ്ങി. വാഹനം കുത്തിയതോട് എന്ന സ്ഥലത്ത് എത്തിയപ്പോഴേക്കും അമ്മയുടെ ജീവൻ പോകുന്നതായി ജനനി ഗുരുവിനെ അറിയിച്ചു. അന്ന് പകൽ മൊത്തം ഗുരുവും കൂടെയുള്ളവരും പട്ടിണിയായിരുന്നു. ഇതൊന്നും അറിയാതെ എന്റെ ഭാര്യ പതിവുപോലെ അത്താഴത്തിനു കലത്തിൽ വെള്ളം വച്ചു. കുറച്ചു കഴിഞ്ഞപ്പോൾ അവൾക്ക് തോന്നി കുറെക്കൂടി വലിയ കലം വെയ്ക്കണമെന്ന്. അങ്ങനെ വെച്ച കലം മാറ്റി കുറെക്കൂടെ വലിയ കലം വെച്ചു. അരിയിട്ട് കഞ്ഞി വെച്ചു. കുറച്ച് മാങ്ങയെടുത്ത് അരിഞ്ഞു ഭാര്യയും വേറെ അപ്പോഴുണ്ടായിരുന്ന രണ്ടുമൂന്ന് സ്ത്രീകളും ചേർന്ന് മൂന്നുതരത്തിൽ അച്ചാറുമുണ്ടാക്കി. കറിയും വെച്ചു. രാത്രി ഒരു എട്ടര-ഒൻപത് മണിയായിക്കാണും. ഒരു കാർ വന്ന് മുറ്റത്ത് നിന്നു. ചെന്നു നോക്കുമ്പോൾ ഗുരുവാണ്. ഗുരുവിനോടൊപ്പം വന്നവരുമുണ്ട്. കൈകാലുകൾ കഴുകി എല്ലാവരും അകത്തു കടന്നു പ്രാർത്ഥിച്ചു. പ്രാർത്ഥന കഴിഞ്ഞപ്പോൾ ഞാൻ ചെന്നു കഞ്ഞി കുടിക്കാൻ എല്ലാവരേയും ക്ഷണിച്ചു. ഗുരു ചോദിച്ചു. “കഞ്ഞി എല്ലാവർക്കും ഉണ്ടോ?” “ഉണ്ട്” ഞാൻ പറഞ്ഞു. “എന്നാൽ എടുത്തു കൊള്ളുക”. ഗുരു പറഞ്ഞു. എങ്ങനെയെന്ന് അറിഞ്ഞുകൂടാ. ഞങ്ങൾക്ക് വെച്ച ആ കഞ്ഞി ഗുരു ഉൾപ്പടെ കൂടെയുണ്ടായിരുന്ന പന്ത്രണ്ട് പേർക്കും ഞങ്ങൾ കുടുംബത്തിലുണ്ടായിരുന്ന ആറേഴ് പേർക്കും ഗുരു വന്നെന്നറിഞ്ഞു കാണാൻ വന്ന അയൽക്കാരായ നാലഞ്ചുപേർക്കും വിളമ്പി സുഭിക്ഷമായി കഴിച്ചുകഴിഞ്ഞിട്ടും കലത്തിൽ ബാക്കി വന്നു. കഞ്ഞിയും കറിയും എല്ലാവർക്കും വളരെ ഇഷ്ടപ്പെട്ടു.

തിരികെ പോരുന്നതിനു മുൻപ് ഗുരു വിശ്രമിക്കുന്ന വേളയിൽ അമൃത ജനനിയെ വിളിച്ചിട്ട് പറഞ്ഞു; ‘നീ ഇങ്ങോട്ട് മാറി ഇരിക്ക്.’ ജനനി ഗുരുവിനെ നമസ്ക്കരിച്ചിട്ട് അല്പം അകലെയായിട്ടിരുന്നു പ്രാർത്ഥിച്ചു. ഒരഞ്ചു മിനിട്ട് കഴിഞ്ഞ് ജനനി വന്ന് ഗുരുവിനോടെന്തൊക്കെയോ പറഞ്ഞു. ഗുരു എന്തോ ഒന്ന് നിർദ്ദേശിച്ചു. ജനനി പിന്നെയും ഇരുന്നു പ്രാർത്ഥിച്ചു. അല്പസമയം കഴിഞ്ഞ് ജനനി എഴുന്നേറ്റ് ഗുരുവിനോടെന്തോ പറഞ്ഞു. അതോടെ ഗുരു സന്തുഷ്ടനായി കാണപ്പെട്ടു. അപ്പോഴത്തെ ഗുരുവിന്റെ സംഭാഷണത്തിൽ നിന്ന് എനിക്ക് മനസിലായത് ജനനി പ്രാർത്ഥിക്കുമ്പോൾ നേരത്തെ പറഞ്ഞ സന്ന്യാസി വീണ്ടും വന്നുവെന്നും ഗുരു നിർദ്ദേശിച്ചതിൻപ്രകാരം ജനനി അതിന് ആത്മശാന്തിക്കുതകുന്നത് വക നൽകി വിട്ടുവെന്നുമാണ്. ഒരു മന്ത്രമോ തന്ത്രമോ കൂടാതെ ഒരു ജീവന് വേണ്ടത് എന്താണോ അതറിഞ്ഞ് നൽകി ആ ജീവനെ രക്ഷപ്പെടുത്തി വിടുകയാണ് ഗുരു. ഈ രക്ഷ ഓരോ ജീവനും ഗുരുവിൽ നിന്ന് കിട്ടുന്നു. അപ്പോൾ ജീവനുവേണ്ടത് നൽകാൻ കഴിയണമെങ്കിൽ നൽകപ്പെടുന്ന ഏത് ജീവനേക്കാളും, നൽകുന്ന ജീവന് അത് നൽകാനുള്ള ശേഷിയും മഹാത്മ്യവും കൂടുതൽ വേണമല്ലോ. അപ്പോൾ എന്റെ ഗുരു അങ്ങേയറ്റത്തെ മഹാത്മാവാണല്ലോ എന്ന വിചാരം ആ നേരത്തുണ്ടായി. ആ നിമിഷം ഗുരുവിന്റെ പാദങ്ങളിൽ ഞാൻ സാഷ്ടാംഗം വീണ് നമസ്ക്കരിച്ചു. എന്റെ മനസിലപ്പോൾ പറഞ്ഞറിയിക്കാനാവാത്ത ഒരു വിങ്ങലായിരുന്നു. ‘എല്ലാവർക്കും കഴിക്കാൻ കഞ്ഞിയുണ്ടോ’ എന്ന ഗുരുവിന്റെ ചോദ്യമാണ് ഓർമ്മയിലപ്പോൾ അലയടിച്ചിരുന്നത്. താമസിയാതെ ഗുരു അവിടെ നിന്നും തിരിച്ചുപോന്നു. ഗുരുവിന്റെ മഹാത്മ്യം എത്ര വലുതാണെന്ന് ബോധ്യപ്പെട്ട എത്രയോ സംഭവങ്ങൾ എന്റെ ജീവിതത്തിൽ പിന്നെയും ഉണ്ടായി!

ഗുരുവിന്റെ ആത്മപ്രഭാവത്തിനു മുൻപിൽ മാറാത്തതായി യാതൊന്നുമില്ല. നമ്മൾ വിശ്വസിക്കണം. വിശ്വസിച്ചുകൊണ്ട് പ്രാർത്ഥിക്കണം. അത്ഭുതവൃത്തിയോ സിദ്ധിവിശേഷങ്ങളോ ഗുരുവിൽ നിന്നും പ്രതീക്ഷിക്കരുത്. ‘സിദ്ധി നായ്ക്കാട്ടം പോലെ ദൂരെ കളയേണ്ടതാണെന്ന്’ മറ്റൊരു മഹാത്മാവിന്റെ അഭിപ്രായം ഗുരു ഇടയ്ക്കിടെ ഓർമ്മിപ്പിക്കുമായിരുന്നു. ‘എന്നെ മന്ത്രവാദിയോ സിദ്ധി വൈഭവക്കാരനോ ആയി നിങ്ങൾ അറിയരുത്’ എന്ന് ഗുരു നവഒലിയായി നിന്ന് നമുക്കു പറഞ്ഞുതന്നിട്ടുമുണ്ട്. അത്ഭുതവിദ്യയും സിദ്ധിവിശേഷവും ആത്മീയവശത്തിന്റെ ദോഷമെന്നാണ് ഗുരു പറഞ്ഞിട്ടുള്ളത്. ഗുരുവിന്റെ വഴി ബ്രഹ്മനിശ്ചയത്തിന്റേതാണ്. ആ വഴി ജ്ഞാനമാണ്. കഴിഞ്ഞതും നടക്കുന്നതും നടക്കാനിരിക്കുന്നതും എന്തെന്നു കണ്ടിട്ട് മാറ്റേണ്ടതിനെ മാറ്റിയും നിലനിർത്തേണ്ടതിനെ നിലനിർത്തിയും കൈവിട്ടുപോയ സനാതനധർമ്മത്തെ തിരിച്ചുകൊണ്ടുവരാനുള്ള വഴിയൊരുക്കുകയാണ് ഗുരു. ഗുരുവിനെ പിൻതുടരുന്ന നമുക്കോരോരുത്തർക്കും ലഭിക്കുന്നത് അതിരറ്റ സ്നേഹവും സന്തോഷവും ആത്മശാന്തിക്ക് ഉതകുന്ന വകയുമാണ്.

ആത്മശാന്തിക്കുതകുന്ന വക നൽകാൻ അതിന് പ്രാപ്തനായ ഗുരുവിനേ കഴിയൂ. നമ്മുടെ ഗുരുവിനേ കഴിയൂ. ഇത് അനുഭവംകൊണ്ടറിഞ്ഞ അറിവ്. ഈ അറിവ് ലോകനന്മയ്ക്കായി ഇവിടെ പങ്കുവെയ്ക്കുന്നു.

## കരുവാറ്റ എൻ. അരവിന്ദൻ ദിവംഗതനായി



*എൻ. അരവിന്ദൻ*

**കരുവാറ്റ (ഹരിപ്പാട്):** ആദ്യകാല ആശ്രമവിശ്വാസിയായ കരുവാറ്റ ശാന്തിഭവനിൽ എൻ. അരവിന്ദൻ (93) ജൂലൈ 18 ന് ദിവംഗതനായി. റിട്ട. വില്ലേജ് ഓഫീസറാണ്. സന്ന്യാസിസന്ന്യാസിനിമാരുടെ നേതൃത്വത്തിൽ സംസ്കാരച്ചടങ്ങ് നടന്നു. ഭാര്യ ദിവംഗതയായ റിട്ട. അദ്ധ്യാപിക കെ. തങ്കമ്മ, കാർത്തികപ്പള്ളി കൈതളാവിൽ കുടുംബാംഗമാണ്. മക്കൾ: ഡോ. എ. ദേവദത്തൻ (പ്രൊഫസർ, പുഷ്പഗിരി ഡെന്റൽ കോളേജ്), എ. ജയപ്രകാശ്. മരുമക്കൾ: ലീന ജി.കെ., ദീപ എസ്.എസ്. ശ്രീ. എൻ. അരവിന്ദന്റെ കുടുംബവീടായ കരുവാറ്റയിലെ ‘ശാന്തിഭവൻ’ ഗുരുവും ശിഷ്യപൂജിതയും ഒട്ടനവധി തവണ സന്ദർശിച്ചിട്ടുള്ള ഭവനമാണ്.

# മാതൃകയായി നെടുമങ്ങാട് ഏരിയ പ്രവർത്തകരുടെ ആശുപത്രി ശുചീകരണ പരിപാടി

**നെടുമങ്ങാട്:** ശാന്തിഗിരി ആശ്രമം, നെടുമങ്ങാട് ഏരിയ പ്രവർത്തകരുടെ ആഭിമുഖ്യത്തിൽ എല്ലാ മാസവും നടത്തിവരുന്ന ആശുപത്രി ശുചീകരണ പരിപാടി ശ്രദ്ധേയമാകുന്നു. നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ തെരഞ്ഞെടുത്ത ഒരു വാർഡ് ആണ് ഏരിയ ഇൻചാർജ് ആദരണീയ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വിയുടെ നേതൃത്വത്തിൽ ശുചീകരിക്കുന്നത്.



*ശുചീകരണത്തിനെത്തിയ പ്രവർത്തകർ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വിക്കൊപ്പം ജില്ലാ ആശുപത്രിയിൽ*

ജില്ലാ ആശുപത്രിയിലെ ന്യൂ ബ്ലോക്കിലെ വാർഡ് ശുചീകരണം രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഉപകാരപ്രദമാകുന്നുവെന്നു മാത്രമല്ല മറ്റ് സന്നദ്ധപ്രവർത്തകർക്കും പ്രചോദനവും ആവേശവും പകർന്നിരിക്കുകയാണ്. ആദരണീയ സ്വാമിയുടെ നേതൃത്വത്തിൽ എത്തി കർമ്മചാരികൾ പ്രാർത്ഥനാപൂർവ്വം നടത്തുന്ന ശുചീകരണ പരിപാടി എല്ലാ മാസവും രണ്ടാം ശനിയാഴ്ച ദിവസമാണ് നടന്നുവരുന്നത്.

അഞ്ച് മാസം മുമ്പ് ആണ് ഈ പദ്ധതി തുടങ്ങിയത്. നവപൂജിതം ആഘോഷങ്ങളുടെ ഭാഗമായി ഈ പദ്ധതി ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മറ്റു ഏരിയകളിലേക്കും വ്യാപിക്കാനുള്ള ശ്രമം ഇപ്പോൾ നടന്നുവരുന്നുണ്ട്.

# ശാന്തിമഹിമയുടെ ലീഡർഷിപ്പ് പ്രോഗ്രാം

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി ശാന്തിമഹിമയുടെ ഗവേണിംഗ് കമ്മിറ്റി പ്രവർത്തകർക്കായി ലീഡർഷിപ്പ് പ്രോഗ്രാം സംഘടിപ്പിച്ചു. ജൂലൈ 15 ഞായറാഴ്ച ശാന്തിഗിരി വിദ്യാഭവൻ സ്കൂളിൽ നടത്തിയ പരിപാടി സ്വാമി പത്മപ്രകാശ ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു.

സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, കോഡിനേറ്റർ മനോജ്കുമാർ സി.പി., ഡോ.ഷിബിൽ ഘോഷ്, അരവിന്ദ്. പി തുടങ്ങിയവർ സംസാരിച്ചു. ഡോ. ദിവ്യാ ചന്ദ്രൻ ക്ലാസ് നയിച്ചു.




*ശാന്തിഗിരി ശാന്തിമഹിമയുടെ ലീഡർഷിപ്പ് പ്രോഗ്രാമിൽ നിന്ന്*



*വി.വിജയകുമാർ കാഞ്ഞാംപാറയിൽ നിർമ്മിക്കുന്ന ഭവനത്തിന്റെ ശിലാസ്ഥാപനം ജൂലൈ 15ന് സ്വാമി മഹിതൻ ജ്ഞാനതപസ്വി നിർവഹിക്കുന്നു*



*മോഹനൻ പി.ബി. ജ്യോതിപുരത്ത് നിർമ്മിക്കുന്ന ഭവനത്തിന്റെ ശിലാസ്ഥാപനം ജൂലൈ 18 ന് സ്വാമി നവകൃപ ജ്ഞാനതപസ്വി നിർവഹിക്കുന്നു*



*കെ.പി. ഗംഗാധരൻ ലക്ഷ്മിപുരത്ത് നിർമ്മിക്കുന്ന ഭവനത്തിന്റെ ശിലാസ്ഥാപനം ജൂലൈ 18 ന് സ്വാമി മഹിതൻ ജ്ഞാനതപസ്വി നിർവഹിക്കുന്നു*



*സ്നേഹപുരം യൂണിറ്റിൽ കെ. ജയചന്ദ്രൻ നിർമ്മിച്ച പുതിയ വീട് -'സന്തോഷം'. ജൂലൈ 17 സ്വാമി നവകൃപ ജ്ഞാനതപസ്വി ഗൃഹപ്രവേശനകർമ്മം നിർവഹിച്ചു.*

# ബഷീർ ക്വിസ്



നിംസാന എൻ.എൻ



ആർദ്ര സുരേന്ദ്രൻ



അവന്തിക എം.ജെ.

**എജ്യൂക്കേഷൻ സോൺ:** വിഖ്യാത സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ ജീവിതത്തിലെ വിവിധ സന്ദർഭങ്ങളെ ആസ്പദമാക്കി ശാന്തിഗിരി വിദ്യാഭവനിൽ ജൂലൈ 12 ന് 'ബഷീർ ക്വിസ്' സംഘടിപ്പിച്ചു. നല്ലപാഠം കോർഡിനേറ്റർ ബിന്ദു നന്ദന, ലൈബ്രേറിയൻ ലളിത ജി എന്നിവർ നേതൃത്വം നല്കി. ഒന്നാംസമ്മാനം നിംസാന എൻ.എൻ., രണ്ടാം സമ്മാനം, ആർദ്ര സുരേന്ദ്രൻ മൂന്നാം സമ്മാനം അവന്തിക എം.ജെ. എന്നിവർ കരസ്ഥമാക്കി. . ഇരുനൂറോളം കുട്ടികൾ പ്രോഗ്രാമിൽ പങ്കെടുത്തു.




## നിർമ്മാണസാമഗ്രികൾക്ക് സമീപിക്കുക

**മണൽ, മെറ്റൽ, ചുടുകല്ല് മൊത്തമായും ചില്ലറയായും സൈറ്റിലെത്തിച്ചു തരുന്നു...**

**പമ്പ് സെറ്റ്, ടാങ്ക്, കോൺക്രീറ്റ് തട്ട് ഷീറ്റ് എന്നിവ മിതമായ നിരക്കിൽ വാടകയ്ക്ക്....**

**ആവശ്യാനുസരണം കുടിവെള്ളവും നിർമ്മാണാവശ്യത്തിനുള്ള വെള്ളവും ആവശ്യപ്പെടുന്ന സ്ഥലത്ത് എത്തിച്ചുകൊടുക്കുന്നു...**

മധു - 9847735679,
പൂലന്തറ, ശാന്തിഗിരി പി.ഒ.

Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala